## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.5364

01.07.2014 ൽ
മറുപടിയ്ക്ക്

# പല്ലാരിമംഗലം ഖാദി ഗ്രാമ സൌഭാഗ്യ സംഘത്തിന്റെ കെട്ടിടത്തിന് ഭരണാനുമതി

| ചോദ്യം<br>ശ്രീ.ആർ.രാജേഷ് | ഉത്തരം<br>ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| (എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ പല്ലാരിമംഗലം ഖാദി ഗ്രാമ സൌഭാഗ്യ സംഘത്തിന് ഖാദി ഗ്രാമ വ്യവസായ വകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ പല്ലാരിമംഗലം ഖാദി സൌഭാഗ്യ, കേന്ദ്ര ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. |
| (ബി) ഈ ഖാദി സംഘത്തിന് എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഈ പ്രവൃത്തിക്ക് ഖാദി ഗ്രാമ വ്യവസായ വകുപ്പ് ഭരണാനുമതി നൽകിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;<br>(ഡി) ഭരണാനുമതി ലഭിക്കാത്തതിനുള്ള തടസ്സങ്ങൾ വിശദമാക്കുമോ ;<br>(ഇ) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ ; | (സി) (ഡി) & (ഇ) കേന്ദ്ര ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഈ ഖാദി സംഘത്തിന് എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള അനുമതി കേന്ദ്ര ഖാദി ഗ്രാമ വ്യവസായ കമ്മീഷനിൽ നിന്നുമാണ് ലഭിക്കേണ്ടത്. ആയതിന് സംസ്ഥാന ഖാദി ബോർഡിന് തടസ്സമില്ല. ഈ വിഷയത്തിൽ ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ